# ‘AI’ കാലത്തെ ഈ പാവം ‘I’

## നിർമ്മിതബുദ്ധിയുഗത്തിലെ മനുഷ്യൻ

ബിഷപ്പ് അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

“കൺഫ്യൂഷൻ തീർക്കണമേ,
എന്റെ കൺഫ്യൂഷൻ തീർക്കണമേ...!”

ഒരു കാലത്തെ ഈ ജനപ്രിയ ഹിറ്റ് ഗാനം വീണ്ടും കേൾക്കുമ്പോൾ, ജയറാമിന്റെ തകർപ്പൻ അഭിനയവും ന്യൂജെൻ സ്റ്റൈലും അറിയാതെ മനസ്സിൽ ഇന്നും ഓടിവരും. അതോടൊപ്പം, ആ ഈണം മൂളിപ്പോകും!

“കൺഫ്യൂഷൻ തീർക്കണമേ,
എന്റെ കൺഫ്യൂഷൻ തീർക്കണമേ...!”

ഈ ഗാനം പുറത്തിറങ്ങിയ കാലത്ത് നിത്യജീവിതത്തിന്റെ സാധാരണ പ്രശ്നങ്ങളായിരുന്നു കൺഫ്യൂഷന് കാരണം. ഇന്നിപ്പോൾ കൺഫ്യൂഷന്റെയും ക്രൈസിസിന്റെയും പിന്നിൽ മറ്റുപല സംഗതികളാണ്. അമിതമായി വർദ്ധിച്ചു വരുന്ന വിവര സാങ്കേതിക വിദ്യകളുടെ കുത്തൊഴുക്ക് അതിലൊന്നാണ്. നിർമ്മിതബുദ്ധിയും റോബോട്ടിക്സും അൽഗൊരിതവും മനുഷ്യ മനസ്സിന് ആകെ കൺഫ്യൂഷൻ നൽകുന്നു.

ഏതാണ്ട് അമ്പതാണ്ടു മുൻപിറങ്ങിയ ഒരു ഇംഗ്ലീഷ് ഗാനത്തിന്റെ ആദ്യവരി ‘Confusion is my epitaph’ എന്നായിരുന്നു. King Crimson ന്റേതാണ് ‘Epitaph’ എന്ന ഗാനം. “എന്റെ ശവകുടീരത്തിലെ സ്മരണാലിഖിതം ‘കൺഫ്യൂഷൻ’ ആണ് എന്ന വരികൾ ഓർമ്മിപ്പിക്കുന്നത്, ആധുനിക മനുഷ്യൻ ആന്തരികമായി അനുഭവിക്കുന്ന ആശയക്കുഴപ്പങ്ങളുടെ വികാരതീവ്രതയാണ്. അതാണ് AI യുഗത്തിന്റെ കൺഫ്യൂഷൻ. അറിവിന്റെ അത്ഭുത ലോകത്തേക്കാണ് Artificial Intelligence വാതിൽ തുറക്കുന്നത്. വിവരങ്ങളുടെ അപാരശക്തി AI കരഗതമാക്കുന്നു. പക്ഷെ വിവരങ്ങളോടൊപ്പം, ജ്ഞാനവും (Widsom) വിവേകവും ആർജ്ജിക്കാനാവുന്നുണ്ടോ എന്നതാണ് ചോദ്യം. നിരവധിപേരുമായി നാം ബന്ധപ്പെടുന്നു. സമ്പർക്കമുണ്ടാക്കുന്നു. പക്ഷെ, ആരുമായും ഹൃദയ ഐക്യം, ആത്മാർത്ഥ ആത്മബന്ധം സ്ഥാപിക്കാനാവുന്നില്ല. Communication ഉണ്ട്. എങ്കിലും Communion ഉണ്ടാവുന്നില്ല. നൂറുപേർക്ക് ഒറ്റ ക്ലിക്കിൽ ആശംസകൾ കൈമാറുന്നു. എന്നാൽ, ആരുമായും ആന്തരികമായൊരു അടുപ്പം സ്വന്തമാക്കാനാവുന്നില്ല. എല്ലാം, വെറും യാന്ത്രികം. എന്തോ ഒരു ശൂന്യത. പിന്നെ, Confusion! അപ്പോൾ ജയറാമിന്റെ ജനപ്രിയഗാനത്തിന് പ്രസക്തിയേറുന്നു.

“കൺഫ്യൂഷൻ തീർക്കണമേ,

എന്റെ കൺഫ്യൂഷൻ തീർക്കണമേ…!”

ഈ പശ്ചാത്തലത്തിലാണ് ലിയോ പതിനാലാമൻ പാപ്പയുടെ “മാനവ മഹത്ത്വം” എന്ന ചാക്രിക ലേഖനത്തിന്റെ പ്രസക്തി.

**പാപ്പ ലിയോയും മാനവ മഹത്ത്വവും**

കൃത്രിമ ബുദ്ധിയുടെ കാലത്ത് മനുഷ്യവ്യക്തിയെ സംരക്ഷിക്കുന്നതിനെക്കുറിച്ചുള്ള സഭാരേഖയാണ് ലിയോ പതിനാലാമൻ പാപ്പയുടെ ‘Magnifica Humanitas’ അഥവാ മാനവ മഹത്ത്വം. ‘എന്താണ് നാം പണിതുയർത്തുന്നത്?’ ‘(What are we building up?’) എന്ന അടിസ്ഥാന ചോദ്യമാണ് ലിയോ പാപ്പ ചോദിക്കുന്നത്. അതിന് ഉത്തരമായി മനോഹരങ്ങളായ രണ്ട് ബൈബിൾ വിവരണങ്ങളിലേക്ക് ലിയോ പാപ്പ നമ്മെ കൂട്ടികൊണ്ടു പോകുന്നു. ഉൽപ്പത്തി 11:1-9 ലെ ‘ബാബേൽ ഗോപുര’ നിർമ്മിതിയിലേക്കും നെഹെമിയ 2-6 ൽ പ്രതിപാദിക്കുന്ന ‘ജറുസലേം’ പട്ടണത്തിന്റെ മതിലുകൾ വീണ്ടും പണിയുന്നതിനെപ്പറ്റിയും.

**ബാബേൽ ഗോപുര നിർമ്മിതി**

‘ആകാശം മുട്ടുന്ന ഗോപുരം’ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ പിന്നിൽ, തങ്ങൾക്കൊരു ‘പേരുണ്ടാക്കണം’ എന്നതായിരുന്നു ലക്ഷ്യം. വലിയൊരു നേട്ടമായിരുന്നു അവർ മുന്നിൽ കണ്ടത്. ഒരൊറ്റ ഭാഷ, ഒരേ സാങ്കേതിക വിദ്യ, എല്ലാവർക്കും ഏക ലക്ഷ്യവും ദിശയും! പക്ഷെ, പദ്ധതി വിഭാവനം ചെയ്തപ്പോൾ ദൈവത്തെക്കുറിച്ച് ഒരു ചിന്തയും അവർക്കില്ല. കൂട്ടായ്മയ്ക്കുപകരം ഏകജാതീയത അഥവാ, ‘മണ്ണിന്റെ മക്കൾ വാദം’, ‘ഞമ്മന്റെ ആൾ സിദ്ധാന്തം’ മാത്രം ആയിരുന്നു മുന്നിൽ! നിർമ്മിതിക്കു പിന്നിൽ അഹങ്കാരവും സ്വയം പര്യാപ്തതാബോധവും ആയിരുന്നു അടിസ്ഥാനം. അതോടെ ആശയ വിനിമയം തകരുന്നു. ഭാഷ കുഴപ്പത്തിലാകുന്നു. പരസ്പരം മനസ്സിലാക്കാനാവാതെ ആകെ എല്ലാം പ്രശ്നത്തിലാകുന്നു. പരസ്പരം ചിതറിപ്പോകുന്നു. ഈ ‘കൺഫ്യൂഷൻ’ തീർക്കണ്ടേ?

**ജറുസലേമിനെ തകർത്ത മതിലുകൾ**

ബാബേൽ നിർമ്മിതിയുടെ വ്യക്തമായ വൈരുദ്ധ്യമാണ് നെഹെമിയായുടെ പുസ്തകത്തിലെ തകർന്ന മതിലുകളുടെ പുനർ നിർമ്മിതി. ബാബിലോൺ പ്രവാസത്തിനു ശേഷം ഇസ്രായേലിലെ ഒരു വിഭാഗം ജനം ജറുസലേമിൽ മടങ്ങിയെത്തിയപ്പോൾ കണ്ടത് നഗരം നാശാവശിഷ്ടങ്ങളായി കിടക്കുന്നതാണ്. മതിലുകൾ തകർന്നിരിക്കുന്നു. കവാടങ്ങൾ കത്തി നശിച്ചു കിടക്കുന്നു (നെഹെമിയ 1-2). പേർഷൻ രാജാവായ അർത്താക് സെർക്സെസിന്റെ കൊട്ടാരത്തിൽ സേവനമനുഷ്ടിച്ചിരുന്ന യഹൂദനായ നെഹെമിയാ, തന്റെ പിതാക്കന്മാരുടെ നഗരത്തിന്റെ ഈ ദയനീയമായ അവസ്ഥയെക്കുറിച്ചുള്ള വാർത്ത കേട്ടു. എന്തെങ്കിലും പ്രവർത്തിക്കാൻ തുടങ്ങും മുൻപ്, ആദ്യം

ഏതാനും ദിവസങ്ങൾ അയാൾ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ജനങ്ങൾക്കു വേണ്ടി മാധ്യസ്ഥം അപേക്ഷിക്കുകയും ചെയ്തു. തുടർന്ന്, രാജാവിനെ സമീപിച്ചു. ജറുസലേമിലേക്ക് മടങ്ങാൻ അനുവാദം യാചിച്ചു. അങ്ങനെ ജറുസലേമിൽ വന്നെത്തി, തകർന്ന പ്രദേശങ്ങൾ നിശബ്ദമായി നടന്നു കണ്ടു.

പുനർനിർമ്മിതിക്കുള്ള പ്ലാനും പരിഹാരവും സ്വന്തമായെടുത്ത് മുകളിൽ നിന്ന് അത് ആരുടെയും മേൽ അടിച്ചേൽപ്പിച്ചില്ല. പകരം, നെഹെമിയ കുടുംബങ്ങളെ വിളിച്ചു കൂട്ടി. അവരുടെ ആശങ്കകൾ ശ്രവിച്ചു. ആശയങ്ങൾ ശ്രദ്ധിച്ചു. അവരുടെ ശ്രമങ്ങൾ ഏകോപിപ്പിച്ചു. ഒപ്പം, ഉയർന്നുവന്ന എതിർപ്പുകൾ നേരിട്ടു. തുടർന്ന്, അവരിൽ ഓരോരുത്തർക്കും പുനർനിർമ്മിക്കാനുള്ള മതിലിന്റെ ഓരോരോ ഭാഗങ്ങൾ വീതിച്ചു നൽകി. ഒരു വ്യക്തിയുടെ മാത്രം മുൻ കൈയാലല്ല, മേൽനോട്ടത്തിലല്ല, മറിച്ച് പുരുഷന്മാർ, സ്ത്രീകൾ, പുരോഹിതന്മാർ, ശില്പികൾ, കുടുംബനാഥന്മാർ, യുവജനങ്ങൾ തുടങ്ങി, എല്ലാവരുടെയും പങ്കാളിത്തത്തിലൂടെയും ഉത്തരവാദിത്വത്തിലൂടെയുമാണ് നഗരം പുനർജനിക്കുന്നതെന്ന് കാണിക്കുന്നു, ഈ പരിഹാരമാർഗം അഥവാ സ്ട്രാറ്റർജി.

ദൈവത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഒരു സംരംഭമായിരുന്നു അത്. കല്ലുകൾകൊണ്ടുള്ള നിർമ്മാണത്തിനു മുൻപ് മനുഷ്യബന്ധങ്ങളാണ് പുനർ നിർമ്മിച്ചത്. അങ്ങനെ പുരാതന ജറുസലേം ഒരു പൊതുഭാഷ വീണ്ടെടുത്തു. ഏകജാതീയരുടെ ഭാഷയല്ല, 'മണ്ണിന്റെ മക്കളുടെ മാത്രം' വാദമല്ല, മറിച്ച്, കൂട്ടായ്മയുടെ ഭാഷയായിരുന്നു അവിടെ. എല്ലാ വ്യക്തികളും സ്വന്തം പങ്ക് ഏറ്റെടുക്കുകയും തങ്ങളുടെ ശക്തി കർത്താവിൽ നിന്നാണ് വരുന്നതെന്ന് തിരിച്ചറിയുകയും ചെയ്യുമ്പോഴുണ്ടാകുന്ന സ്വരചേർച്ചയാണ് കെട്ടുപണിക്കും പുനർനിർമ്മിതിക്കും അത്യന്താപേക്ഷിതം. ഇതാണ്, മാനവ മഹത്ത്വം എന്ന ചാക്രിക ലേഖനത്തിന്റെ 7,8,9 ഖണ്ഡികകളിൽ വ്യക്തമാക്കുന്നത്.

**'ബാബേൽ സിൻഡ്രോം' മാറി, ഏവരുടെയും ഐക്യം**

അമേരിക്കയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി പ്രൊഫസറും 'Google Brain', Deep learning AI യുടെയുമൊക്കെ സ്ഥാപകനുമായ ആൻഡ്രൂ നെഗ് (Andrew Ng) നിർമ്മിതബുദ്ധിയെപ്പറ്റി പറഞ്ഞത്, 'AI is the new electricity' എന്നാണ്.

വൈദ്യുതി കണ്ടുപിടിച്ചപ്പോൾ എല്ലാവർക്കും ആദ്യം അതിശയമായിരുന്നു. തൊട്ടാൽ ഷോക്കടിക്കും. കറന്റടിച്ച് ചിലപ്പോൾ ചത്തുപോകും. എന്നാൽ വ്യവസായം, ഗതാഗതം, കൃഷി, ആരോഗ്യം, ഭവനങ്ങൾ തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളിലും കറന്റ് വേണം. അല്ലെങ്കിൽ എല്ലാം ഇരുട്ടിലാകും! പക്ഷെ, വൈദ്യുതി പോലെ AI ക്കും ഒരു ചോദ്യമുണ്ട്: അതിന്റെ ശക്തി ആരുടെ കൈയിലാണ്? എന്തിനാണ് അത് ഉപയോഗിക്കുന്നത്? ആരുടെ നന്മയ്ക്കാണ്?

ഫ്രാൻസീസ് പാപ്പയുടെ 'ലൗദാത്തോസി' (Laudato Si) യിലെ പ്രസക്തമായ ഒരു ആശയം ലിയോ പാപ്പ വീണ്ടും മുന്നോട്ടു വയ്ക്കുന്നു: "മനുഷ്യരാശി ഇത്രയും വലിയ ശക്തി ഇതുവരെ സ്വന്തമാക്കിയിട്ടില്ല." (Never has humanity had such a power). ആധുനിക സാങ്കേതിക വിദ്യയുടെ വരവിനെപ്പറ്റി ഏറെ എഴുതിയ

റൊമാനോ ഗാർഡിനിയെ ഉദ്ധരിച്ച് ലിയോ പാപ്പ പറയുന്നു: "അധികാരം ശരിയായ രീതിയിൽ ഉപയോഗിക്കാൻ ആധുനിക മനുഷ്യൻ ഇനിയും പരിശീലിക്കപ്പെട്ടിട്ടില്ല!" (മാനവ മഹത്ത്വം, നമ്പർ 93).

'ബാബേൽ സിൻഡ്രോം' വിട്ടുപേക്ഷിച്ച് കൂട്ടായ്മയുടെ ശൈലിക്കായി നാം പരി ശീലിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഹൃദയങ്ങൾ ഒരുങ്ങേണ്ടിയിരിക്കുന്നു!

**കൺഫ്യൂഷൻ തീർക്കാൻ പരിഹാരമാർഗ്ഗങ്ങൾ**

ലിയോ പാപ്പ എഴുതുന്നു: "ക്രൈസ്തവ മാനവികത ശാസ്ത്രത്തെയോ സാങ്കേതിക വിദ്യയെയോ തള്ളിക്കളയുന്നില്ല. മറിച്ച്, കൃതജ്ഞതയോടും യാഥാർത്ഥ്യബോധ ത്തോടും കൂടെ, കൂടുതൽ ഉന്നതമായ ഒരു വിളിയുടെ അടിസ്ഥാനത്തിൽ അവയെ സ്വീകരിക്കുന്നു... അത് എപ്പോഴും പൊതുനന്മ, നീതി, ദുർബലരോടും സൃഷ്ടിയോടു മുള്ള കരുതൽ എന്നിവ ലക്ഷ്യമാക്കി നിലകൊള്ളണം" (മാനവമഹത്ത്വം, നമ്പർ 129).

1. **കുഞ്ഞുങ്ങളോടുള്ള കരുതൽ**

ലിയോ പാപ്പയുടെ വാക്കുകൾ നാം സവിശേഷം ശ്രദ്ധിക്കണം: "കുട്ടികൾ മുതിർന്നവരുടെ ഒരുവിധ മേൽനോട്ടവുമില്ലാതെ, നന്നേ ചെറിയ പ്രായത്തിൽത്തന്നെ ഡിജിറ്റൽ ഉപകരണങ്ങൾക്കും സാമൂഹിക മാധ്യമങ്ങൾക്കും വിവേചനരഹിതമായി അടിമപ്പെടുന്നത് അവരുടെ ഉറക്കം, ശ്രദ്ധാകേന്ദ്രീകരണം, വൈകാരിക നിയന്ത്രണം, പരസ്പരബന്ധങ്ങൾ എന്നിവയെ എപ്രകാരം ദോഷകരമായി പിടികൂടുന്നു എന്ന് സമീപകാല മന:ശാസ്ത്ര-മാനസികാരോഗ്യശാസ്ത്ര പഠനങ്ങൾ അതീവ ഗൗരവത്തോടെ രേഖപ്പെടുത്തുന്നുണ്ട്; ജീവിതത്തിന്റെ ഏറ്റവും ബലഹീനമായ ഘട്ടങ്ങളിൽ ചിലപ്പോഴൊക്കെ ഇത് അത്യന്തം ദാരുണമായ പ്രത്യാഘാതങ്ങൾക്കാണ് കാരണമാകുന്നത്. മാനുഷിക വികാരങ്ങളെയും ശരീരത്തിന്റെ വിശുദ്ധിയെയും നിസ്സാരവൽക്കരിക്കുന്ന സന്ദേശങ്ങളിലേക്കും, അപകടനിലകളുള്ള പെരുമാറ്റങ്ങളെ സ്വാഭാവികമാക്കുന്ന നിർദ്ദേശങ്ങളിലേക്കും അശ്ലീല-ലൈംഗിക വൈകൃത ഉള്ളടക്കങ്ങളിലേക്കും വ്യക്തിത്വം ഹനിക്കുന്ന ക്രൂരമായ ദൃശ്യങ്ങളിലേക്കും എളുപ്പത്തിൽ പ്രവേശനം ലഭിക്കുന്നത് ഈ പ്രതിസന്ധി കൂടുതൽ സങ്കീർണ്ണമാക്കുന്നു."

"വ്യാജപ്രൊഫൈലുകൾ, അപകടകരമായ സമാഗമങ്ങൾക്കു വഴിയൊരുക്കുന്ന അൽഗൊരിതങ്ങൾ, ചിത്രങ്ങളും വീഡിയോകളും കൃത്രിമമായി പരിവർത്തനം ചെയ്യാൻ ശേഷിയുള്ള നിർമ്മിതബുദ്ധി (AI) സംവിധാനങ്ങൾ എന്നിവ വഴി ഓൺലൈൻ ചതിക്കുഴികളും ബ്ലാക്ക്മെയിലിങ്ങും, പ്രായപൂർത്തിയാകാത്തവരുടെ ലൈംഗിക ചൂഷണങ്ങളും ഇന്ന് അതീവ മാരകമായ രൂപത്തിൽ വർദ്ധിച്ചുവരുകയാണ്. വളരെ ചെറിയ പ്രായത്തിൽത്തന്നെ വ്യക്തിഗത മൊബൈൽ ഫോണുകൾ നൽകുന്നതും മുതിർന്നവരുടെ നിരീക്ഷണമില്ലാതെ അത് ഉപയോഗിക്കാൻ അനുവദിക്കുന്നതും യുവതലമുറയുടെ ബലഹീനതകൾ വർദ്ധിപ്പിക്കുകയും ആധുനിക അടിമത്തങ്ങളിലേക്ക് കുട്ടികളെ തള്ളിവിടുകയും

ചെയ്യുന്നു. ഇത് അവരെ ആത്മീയ ഒറ്റപ്പെടലുകൾക്കും സൈബർ പീഡനങ്ങളിലേക്കും (Cyberbullying) ഒപ്പം തങ്ങളുടെ അന്തസ്സിനു നിരക്കാത്ത വ്യക്തിഗത ചിത്രങ്ങളോ രഹസ്യവിവരങ്ങളോ പങ്കുവയ്ക്കാനുള്ള കടുത്ത മാനസിക സമ്മർദ്ദങ്ങളിലേക്കും നയിക്കുന്നു.'' (മാനവ മഹത്ത്വം, നമ്പർ 141)

**2. കുടുംബങ്ങളിലെ കൂട്ടുത്തരവാദിത്വം**

AI -കാലത്ത് മനുഷ്യത്വത്തിന്റെ ആദ്യപാഠശാലയാണ് കുടുംബം, 'the first school of humanity' എന്നാണ് 2026 ഓഗസ്റ്റ് 21-ന് കത്തോലിക്കാ നിയമസഭാംഗങ്ങളുടെ സമ്മേളനത്തിൽ ലിയോ പാപ്പ പങ്കുവച്ചത്. കുടുംബങ്ങളിൽ കൂടുതൽ അച്ചടക്കം ഉണ്ടാകണം. Technology free moments നമുക്ക് ആവശ്യമുണ്ട്. ഭക്ഷണസമയത്ത് ഫോൺ വേണ്ട. കുടുംബപ്രാർത്ഥനാവേളയിൽ ഫോൺ ഉപയോഗം ഒട്ടും ആവശ്യമില്ല. മാതാപിതാക്കളും മക്കളും തമ്മിലുള്ള സംഭാഷണത്തിൽ ടിവിയുടെയും ഫോണിന്റെയും ഡിജിറ്റൽ സ്ക്രീൻ കടന്നുവരരുത്. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് സംസാരിക്കാൻ സമയം കണ്ടെത്തണം: Family Conversation. കുടുംബത്തിലെ ഊഷ്മളമായ സ്നേഹബന്ധങ്ങൾക്ക് AI ഡിജിറ്റൽ ബന്ധങ്ങൾക്കൊന്നും പകരമാവില്ല. പരസ്പര ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ടത് നമ്മുടെ കൂട്ടുത്തരവാദിത്വമാണ്.

കരുതലുള്ള ഒരു പിതാവിന്റെ വാക്കുകളാണ് ലിയോ പാപ്പയുടേത്: ''ഡിജിറ്റൽ ലോകത്തെ സുവിശേഷവൽകരിക്കപ്പെടേണ്ട ഒരു പുതിയ ഭൂഖണ്ഡമായി നാം കാണണം... നമുക്ക് ബന്ധങ്ങൾ വളർത്തിയെടുക്കാം. വേഗത്തിനും വിഘടനത്തിനും പ്രാധാന്യം നൽകുന്ന ഈ കാലഘട്ടത്തിൽ, ശ്രദ്ധയുള്ള മനസ്സുകളിൽ നിന്നും, ദയയുള്ള വാക്കുകളിൽ നിന്നും, ആർദ്രതയുള്ള കരങ്ങളിൽ നിന്നും കരുതലും അംഗീകാരവും ലഭിക്കാൻ മനുഷ്യർ ഇന്നും ആഗ്രഹിക്കുന്നു... നമുക്ക് നീതിയെയും സമാധാനത്തെയും സ്നേഹിക്കാം! (മാനവ മഹത്ത്വം, നമ്പർ 238, 239, 240).

''കൺഫ്യൂഷൻ തീർക്കണമേ, എന്റെ കൺഫ്യൂഷൻ തീർക്കണമേ...!'' -അതാകട്ടെ എന്റെ പ്രാർത്ഥനയും ലക്ഷ്യവും!